"ഭരണഭാഷ – മാതൃഭാഷ"
(കേരള സംസ്ഥാനം)
വ്യാവസായിക പരിശീലന വകുപ്പ്
ട്രെയിനിംഗ് ഡയറക്ടറേറ്റ്, തൊഴിൽ ഭവൻ,
പി എം ജി, വികാസ്ഭവൻ പി.ഒ, തിരുവനന്തപുരം-695033,
ഇ മെയിൽ: cru.dttvpm@kerala.gov.in, ഫോൺ നമ്പർ : 0471-2303856

**നമ്പർ: DT/1997/2026-C1-Part(3)** **തീയതി: 13-08-2026**

## ചുറ്ററിയിപ്പ്

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് - ട്രെയിനിംഗ് ഡയറക്ടറേറ്റ് - അഡ്മിഷൻ & അഫിലിയേഷൻ വിഭാഗം - ഐടിഐ പ്രവേശനം 2026 - NCVT/SCVT ഐടിഐ പ്രവേശനം 2026 - മതിയായ അപേക്ഷകൾ ലഭിക്കാത്ത ഐ ടി ഐ കളിൽ മാത്രം സ്പോട്ട് അഡ്മിഷൻ നടത്തുന്നതിനുള്ള തീയതി ദീർഘിപ്പിക്കുന്നത് - സംബന്ധിച്ച്

സൂചന :-

1. പ്രോസ്പെക്ടസ് **No.NCVT/01/2026** തീയതി **08/06/2026.**
2. പ്രോസ്പെക്ടസ് **No.SCVT/01/2026** തീയതി **08/06/2026.**
3. അഡീഷണൽ ഡയറക്ടറുടെ **04-08-2026** ലെ **DT/1997/2026-C1** നമ്പർ ചുറ്ററിയിപ്പ്.
4. **DGT** യിൽ നിന്നുള്ള **12/08/2026** തീയതിയിലെ **DGT-MIS011/1/2025-O/o DIR (TC) [77713]**നമ്പരായ കത്ത്.

******************

**2026-27/28** വർഷത്തേയ്ക്കുള്ള ഐടിഐ പ്രവേശനത്തിന്, മതിയായ ഓൺലൈൻ അപേക്ഷകൾ ലഭിക്കാത്ത ഐടിഐകളിൽ മാത്രം, നിലവിലെ പ്രോസ്പെക്ടസിലെ വ്യവസ്ഥകൾക്ക് വിധേയമായി **14.08.2026** വരെ സ്പോട്ട് അഡ്മിഷൻ നടത്തുന്നതിന് സൂചന **(3)** പ്രകാരം നിർദേശം നൽകിയിരുന്നു. എന്നാൽ നിലവിൽ, **2026** പരിശീലനവർഷത്തെ അഡ്മിഷന്റെ അവസാനതീയതി **14.08.2026**-ൽ നിന്നും **21.08.2026** വരെ ദീർഘിപ്പിച്ചതായും, അഡ്മിഷൻ സംബന്ധിച്ച മറ്റ് ഷെഡ്യൂളുകൾ മാറ്റമില്ലാതെ തുടരുന്നതാണെന്നും **DGT**-യിൽ നിന്നും സൂചന **(4)** പ്രകാരം അറിയിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിലും, ഐടിഐകളിലെ അഡ്മിഷൻ **100%** പൂർത്തീകരിക്കുന്നതിനുംവേണ്ടി, **2026** പരിശീലന വർഷത്തെ അഡ്മിഷൻ നടപടികൾ പൂർത്തിയാക്കേണ്ട തീയതി, **DGT** നിർദേശം കണക്കിലെടുത്ത്, **21/08/2026** തീയതി വരെ ദീർഘിപ്പിച്ചിട്ടുള്ള വിവരം അറിയിക്കുന്നു. **15.08.2026** മുതൽ **21.08.2026** വരെയുള്ള തീയതികളിൽ, യാതൊരു പരാതിയ്ക്കും

ഇടനൽകാത്ത വിധത്തിൽ, സ്പോട്ട് അഡ്മിഷനും, ഓൺലൈൻ അപേക്ഷകൾ ബാക്കി നിൽക്കുന്ന സ്ഥാപനങ്ങളിൽ അത് മുഖേനയുള്ള അഡ്മിഷനും നടത്താവുന്നതാണ്.

നിലവിൽ അഡ്മിഷൻ നിലവാരം വളരെ താഴെ നിൽക്കുന്ന സ്ഥാപന മേധാവികൾ, വ്യാപകമായ പരസ്യം നൽകിക്കൊണ്ടും, അതാത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, ജനപ്രതിനിധികൾ, മറ്റ് കൂട്ടായ്മകൾ എന്നിവ മുഖാന്തരം ഐ.ടി.ഐ പരിശീലനത്തെക്കുറിച്ചുള്ള അവബോധം ജനങ്ങളിൽ സൃഷ്ടിച്ച് കൊണ്ടും, മുഴുവൻ സീറ്റുകളിലും ട്രെയിനികളെ പ്രവേശിപ്പിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്. കൂടാതെ അഡ്മിഷനുമായി ബന്ധപ്പെട്ട് നിശ്ചയിച്ചിരിക്കുന്ന സമയപരിധിയായ **21.08.2026** -ന് ശേഷം **Generate** ചെയ്യുന്ന ചെലാനുകൾ യാതൊരു കാരണവശാലും അഡ്മിഷന് പരിഗണിക്കുകയില്ലായെന്നും ഓർമിപ്പിക്കുന്നു.

**അഡീഷണൽ ഡയറക്ടർ ഓഫ് ട്രെയിനിംഗ്**

ഉള്ളടക്കം : സൂചന(4)ന്റെ പകർപ്പ്.

സ്വീകർത്താവ് : വകുപ്പിന് കീഴിലുള്ള എല്ലാ ഐടിഐ/ബിറ്റിസി പ്രിൻസിപ്പാൾമാർ.

പകർപ്പ് :
1. ജോയിന്റ് ഡയറക്ടർ, മേഖല കേന്ദ്രം, കണ്ണൂർ
2. എല്ലാ ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗ് ഉദ്യോഗസ്ഥർക്കും.
3. മാനേജർ, ഇ-ഗവേർണൻസ് (വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
4. സ്റ്റോക്ക് ഫയൽ (C1)

Digitally signed by
VASUDEVAN P
Date: 13-08-2026
15:24:23